പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1333 11.06.2019-ൽ മറുപടിക്ക്

## വടക്കൻ കേരളത്തിൽ പ്ലസ് വൺ പ്രവേശനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വടക്കൻ കേരളത്തിൽ പ്ലസ് വൺ പ്രവേശനത്തിന് ആവശ്യത്തിന് സീറ്റില്ലാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) വടക്കൻ കേരളത്തിൽ പ്ലസ് വൺ പ്രവേശനത്തിന് ആവശ്യത്തിന് സീറ്റില്ലായെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതേ സമയം തെക്കൻ കേരളത്തിലെ അഞ്ച് ജില്ലകളിലായി 54 ഹയർ സെക്കന്ററി ബാച്ചുകൾ മതിയായ കുട്ടികളില്ലാതെ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമുണ്ടോ; | (ബി) ഉം (സി) ഉം (ഡി) ഉം തെക്കൻ കേരളത്തിലെ അഞ്ച് ജില്ലകളിലായി 54 ഹയർ സെക്കന്ററി ബാച്ചുകൾ മതിയായ കുട്ടികളില്ലാതെ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമില്ല. എന്നിരുന്നാലും സംസ്ഥാനത്തെ പഠിതാക്കളില്ലാത്ത സർക്കാർ മേഖലയിലെ ഹയർ സെക്കന്ററി ബാച്ചുകൾ 2019-20 അധ്യയന വർഷം ഹയർ സെക്കന്ററി പ്ലസ് വൺ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലയിലോ, ജില്ലക്ക് പുറത്തോ ആവശ്യകതയുള്ള സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് മാറ്റി പുനഃക്രമീകരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) എങ്കിൽ ഒഴിഞ്ഞു കിടക്കുന്ന ഈ ബാച്ചുകൾ അഡ്മിഷനായി സീറ്റില്ലാതെ ബുദ്ധിമുട്ടുന്ന കുട്ടികളുള്ള ജില്ലകളിലേക്ക് മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ; | |
| (ഡി) ഇല്ലെങ്കിൽ വടക്കൻ കേരളത്തിലെ പ്ലസ് വൺ സീറ്റുകളുടെ കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളാനാണുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | |

സെക്ഷൻ ഓഫീസർ.